**കേരള സർക്കാർ**

നം. 24447/ഡി.സി.2/2009/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി.)വകുപ്പ്
തിരുവനന്തപുരം, തീയതി: 22.04-2009

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വൺ മില്യൺ സി.എഫ്.എൽ. ക്യാമ്പയിൻ - നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ (1) സമിതിയുടെ 05.02.2009-ലെ യോഗ തീരുമാനം (ഇനം 1.11)

തദ്ദേശ ഭരണസ്ഥാപനങ്ങൾ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ എന്നിവ സംയുക്തമായി നടപ്പാക്കുന്ന വൺ മില്യൺ സി.എഫ്.എൽ. ക്യാമ്പയിന്റെ സുഗമമായ നടത്തിപ്പിന് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) വീടുകളിലെ വൈദ്യുതി നിയന്ത്രണം (load shedding) ഒഴിവാക്കുക, [illegible] പ്രവർത്തനങ്ങളിലൂടെ [illegible] വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുക മുതലായ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കേണ്ടതാണ്.

(2) ക്യാമ്പയിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു സി.എഫ്.എൽ. വീതം സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

(എ) 2007-08, 2008-09 വാർഷിക പദ്ധതികളിലായി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള 437 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചുവടെ പ്രതിപാദിക്കുന്ന കുടുംബങ്ങൾ.

(i) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ആധാരമാക്കിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾ.

(ii) മുകളിൽ സൂചിപ്പിച്ച ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാത്ത എല്ലാ പട്ടികജാതി , പട്ടിക വർഗ്ഗ കുടുംബങ്ങൾ.

(iii) 2009 ഫെബ്രുവരി 5-നുള്ളിൽ തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കി അംഗീകരിച്ച ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങൾ.

(iv) 2009 ഫെബ്രുവരി 5-നുള്ളിൽ കുറഞ്ഞത് 25 ദിവസമെങ്കിലും പ്രവർത്തി ചെയ്ത തൊഴിൽ ഉറപ്പ് പദ്ധതി ഗുണഭോക്താക്കളുടെ കുടുംബങ്ങൾ.

(ബി) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഇതുവരെയും ഏറ്റെടുക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചുവടെ പ്രതിപാദിക്കുന്ന കുടുംബങ്ങൾ.

(i) പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾ.

(ii) 2009 ഫെബ്രുവരി 5-നുള്ളിൽ തദ്ദേശഭരണ സ്ഥാപനം അന്തിമമാക്കി അംഗീകരിച്ച ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങൾ.

(iii) 2009 ഫെബ്രുവരി 5-നുള്ളിൽ കുറഞ്ഞത് 25 ദിവസമെങ്കിലും പ്രവർത്തി ചെയ്ത തൊഴിൽ ഉറപ്പ് പദ്ധതി ഗുണഭോക്താക്കളുടെ കുടുംബങ്ങൾ.

(3) മുകളിൽ വിവരിച്ച പ്രകാരം ആശ്രയ ഗുണഭോക്താക്കളുടെ വിവരങ്ങൾ കുടുംബശ്രീ മിഷന്റെ പ്രോജക്ട് വിവരശേഖരത്തിൽ നിന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഗ്രാമ വികസന കമ്മീഷണറും ലഭ്യമാക്കുന്നതാണ്. ഈ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന് ലഭ്യമാക്കേണ്ടതാണ്.

(4) വൈദ്യുതീകരിക്കപ്പെട്ടതും ... അല്ലാത്തതുമായ ... വീടുകൾ സംബന്ധിച്ച് കുടുംബശ്രീ ഡാറ്റാബേസിലുള്ള വിവരങ്ങൾ ഫീൽഡ് തല പരിശോധനയിലൂടെ പുതുക്കി രേഖപ്പെടുത്താവുന്നതാണ്.

(5) വൈദ്യുതീകരിച്ച കുടുംബങ്ങളുടെ കൺസ്യൂമർ നമ്പർ, ഇലക്ട്രിക്കൽ സെക്ഷൻ മുതലായ വിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്ന രീതിയിൽ ശേഖരിക്കേണ്ടതാണ്.

(i) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഊർജ്ജ പരിസ്ഥിതി സേന അംഗങ്ങൾ, അയൽക്കൂട്ട ശൃംഖലയിൽ നിന്നും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ തെരഞ്ഞെടുത്ത് അറിയിക്കുന്ന വോളന്റിയർമാർ എന്നിവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

(ii) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ എസ്.സി./ എസ്.ടി പ്രൊമോട്ടർമാർ/ അംഗൻവാടി വർക്കർമാർ എന്നിവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

(6) വിവരങ്ങൾ ശേഖരിക്കുന്ന വോളന്റിയർമാർക്ക് ഒരു കുടുംബത്തിന് ഒരു രൂപ എന്ന നിരക്കിൽ ഹോണറേറിയം അനുവദിക്കാവുന്നതും ഇതിന് ആവശ്യമായ വിഹിതം ചുവടെ വിവരിക്കുന്ന പ്രകാരം കണ്ടെത്താവുന്നതുമാണ്.

(i) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ഡെപ്പോസിറ്റ് തുകയിൽനിന്നും വിനിയോഗിക്കാവുന്നതാണ്.

(ii) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന/ജനറൽ പർപ്പസ്/ തനത് ഫണ്ടുകൾ ഇതിനായി വിനിയോഗിക്കാവുന്നതാണ്.

(7) ഡാറ്റാഎൻട്രിയും ഗുണമേന്മ പരിശോധനയും

(i) വൈദ്യുതീകരിച്ച കുടുംബങ്ങളുടെ കൺസ്യൂമർ നമ്പർ, ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ എന്നിവ സംബന്ധിച്ച് വോളന്റിയർമാർ ശേഖരിക്കുന്ന വിവരങ്ങൾ ബ്ലോക്ക് തലത്തിൽ സി-ഡിറ്റിന്റെ ചുമതലയിൽ ഡേറ്റാ എൻട്രി നടത്തി ഇലക്ട്രോണിക് സംവിധാനം മുഖേനയാണ് സ്വീകരിക്കുന്നത്.

(ii) എൻട്രി ചെയ്യേണ്ട ഡാറ്റ, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇ.ഇ.സി കൺവീനർമാരുടെയും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട് ഏറ്റെടുത്തിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലേത് എസ്.സി/എസ്.ടി പ്രൊമോട്ടർമാരുടെയും

സഹായത്തോടെ ശേഖരിച്ച്, ഊർജ്ജമിഷൻ കോ-ഓർഡിനേറ്റർമാർ സി-ഡിറ്റിന്റെ നിശ്ചയിക്കപ്പെട്ടിട്ടുള്ള കേന്ദ്രത്തിലേക്ക് എത്തിക്കേണ്ടതാണ്.

(iii) ജില്ലയിലെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് അംഗങ്ങളിൽനിന്നും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി (ഡി.എൽ.സി.സി.) നിയോഗിക്കുന്ന 5 അംഗ ടീം റാൻഡം സാമ്പിളിംഗ് രീതി അവലംബിച്ച് തെരഞ്ഞെടുക്കുന്ന ഒരുശതമാനം ഡാറ്റാ പരിശോധിച്ച് ഡാറ്റാ എൻട്രിയുടെ കൃത്യത പരിശോധിക്കുന്നതാണ്. പ്രസ്തുത പരിശോധനയിൽ 5 ശതമാനത്തിലധികം ഡാറ്റാ എൻട്രി തെറ്റുകൾ ഉണ്ടെന്ന് കണ്ടെത്തുന്ന ഗ്രൂപ്പിലെ ഡാറ്റാ സമ്പൂർണ്ണ ഡാറ്റാ എൻട്രി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(iv) കൺസ്യൂമർ നമ്പരും ഇലക്ട്രിക്കൽ സെക്ഷനും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ലിസ്റ്റ് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം സാക്ഷ്യപ്പെടുത്തി ഓഫീസ് സീൽ പതിച്ച് നൽകുന്ന ഡാറ്റാ മാത്രമെ ഇലക്ട്രോണിക്കായി സി-ഡിറ്റ് കേന്ദ്രത്തിൽനിന്നും പ്രസിദ്ധപ്പെടുത്തുവാൻ ട്രാൻസ്ഫർ ചെയ്യുകയുള്ളൂ. ഡാറ്റാ എൻട്രി നടത്തിയതിനുശേഷം അന്തിമ ഡാറ്റായുടെ സെക്ഷൻ തിരിച്ച് ഒരു ശതമാനം ഡാറ്റാ, കൺസ്യൂമർ നമ്പർ പരിശോധനയ്ക്കായി സെക്ഷൻ ഓഫീസിൽ എത്തിക്കേണ്ടതുണ്ട്. പ്രസ്തുത പരിശോധന വൈദ്യുതി ബോർഡിന്റെ ഡിവിഷൻ ഓഫീസ് മുഖേന നടത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമാകുന്ന വിവരവ്യൂഹത്തിന്റെ പിഴവുകൾ പരിശോധിച്ച് ഫീൽഡിൽ ശേഖരിച്ച വിവരങ്ങളുടെ ഗുണമേന്മ നിശ്ചയിക്കാവുന്നതാണ്. വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ സാധൂകരണം ലഭിക്കുന്നതോടെ പൈലറ്റ് പ്രോജക്ടിനുള്ള ഗുണഭോക്തൃലിസ്റ്റ് അന്തിമമായതായി കണക്കാക്കാവുന്നതാണ്.

(8) ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കിയശേഷം ആകെ സർവേ നടത്തിയ കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർവേ നടത്തിയ വോളന്റിയർമാർക്ക് ഹോണറേറിയം നൽകേണ്ടതാണ്.

(9) ഡേറ്റാ എൻട്രി പ്രവർത്തനം 2009 മേയ് 3-ാം തീയതിക്കകം പൂർത്തീകരിക്കുന്ന വിധത്തിലുള്ള ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ സംസ്ഥാനതല സി.എഫ്.എൽ. വിതരണ ലിസ്റ്റായി തദ്ദേശഭരണ സ്ഥാപനത്തിലെ വാർഡ് തിരിച്ച് വെബ്ബിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമെ ആദ്യഘട്ടത്തിൽ സി.എഫ്.എൽ. വിതരണം നടത്താൻ പാടുള്ളൂ.

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും

7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
12 ഗ്രാമവികസന കമ്മീഷണർ
13 നഗരകാര്യ ഡയറക്ടർ
14 മുഖ്യ നഗരാസൂത്രകൻ
15 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
18 സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രോജക്ട്, അനെർട്ട്, തിരുവനന്തപുരം
19 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
21 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
28 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
31 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
32 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
34 ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

HCBuddi

**സെക്ഷൻ ഓഫീസർ**